പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1798** — 22.03.2012 ൽ മറുപടിയ്ക്ക്

**ഈ ഗവൺമെന്റിന്റെ കാലത്ത് ഐ.പി.സി. - 308 വകുപ്പ് പ്രകാരമുള്ള കേസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ ഗവൺമെന്റിന്റെ കാലത്ത് ഐ. പി. സി. - 308 വകുപ്പ് പ്രകാരമുള്ള എത്ര കേസ്സുകൾ മൂന്നാർ/ദേവികുളം സ്റ്റേഷനുകളിൽ എടുത്തിട്ടുണ്ട് ; | (എ) ഐ.പി.സി. 308 പ്രകാരം മൂന്നാർ പോലീസ് സ്റ്റേഷനിൽ ഏഴു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദേവികുളം പോലീസ് സ്റ്റേഷനിൽ ഈ വകുപ്പു പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) കേസെടുത്തതിനുള്ള അടിസ്ഥാന കാരണം എന്താണ് ; | (ബി) കുറ്റകൃത്യം നടന്നതിനെ സംബന്ധിച്ചുള്ള മൊഴിയുടെ അടിസ്ഥാനത്തിലാണ് ടി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) എസ്.സി. അട്രോസിറ്റി സ്വഭാവത്തിലുള്ള കേസ്സുകൾ എടുത്തിട്ടുണ്ടോ ; ഈ സ്വഭാവത്തിലല്ലാത്ത കേസുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ; | (സി) എസ്.സി./എസ്.ടി അട്രോസിറ്റി സ്വഭാവമുള്ള രണ്ടു കേസുകൾ മൂന്നാർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദേവികുളം പോലീസ് സ്റ്റേഷനിൽ ഈ വകുപ്പു പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. സെക്ഷൻ 308 ഐ.പി.സി. കേസുകളിൽ എസ്.സി. / എസ്.ടി. അട്രോസിറ്റി പ്രകാരമുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) ഇത്തരം കൂടുതൽ കേസുകൾ ഇക്കാലത്ത് എടുക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) പരാതിക്കാരുടെ മൊഴി പ്രകാരമാണ് ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ